# ലക്ഷ്യ-2025

## അക്കാഡമിക് മാസ്റ്റർപ്ലാൻ

## യു പി എസ്സ് അയിരക്കുഴി

2025 — 26''

# ആമുഖം

ആമുഖം

അക്ഷര ദീപ്തിയിൽ 43 വർഷം പിന്നിടുന്ന അയിരക്കുഴി യു.പി.സ്കൂൾ ഇന്ന് മികവിന്റെ പാതയിലാണ്. കൊല്ലം ജില്ലയിൽ പുനലൂർ വിദ്യാഭ്യാസ ജില്ലയിൽ ചടയമംഗലം ഉപവിദ്യാഭ്യാസ ജില്ലയിൽപെട്ട ചിതറ ഗ്രാമപഞ്ചായത്തിൽ സർക്കാർ എയ്ഡഡായി പ്രവർത്തിക്കുന്നതുമായ സ്കൂളാണ് ഐരക്കുഴി യു.പി.സ്കൂൾ.

1979 ഡിസംബർ മാസത്തിൽ 43 കുട്ടികളുമായി VI, VII എന്നീ സ്റ്റാൻഡേർഡുകളായി വിദ്യാർത്ഥികൾക്കു അക്ഷര വെളിച്ചം പകർന്നു നൽകുന്നതിന് ചിതറ പഞ്ചായത്തിൽ മാങ്കോട് വില്ലേജിൽ കാഞ്ഞിരത്തുംമൂട് എന്ന സ്ഥലത്ത് ആരംഭിച്ച ഈ സരസ്വതി ക്ഷേത്രത്തിന് ഈ നാടിന്റെയും നാട്ടുകാരായ നാനാജാതി മതസ്ഥരുടെയും സഹകരണ സഹായം വേണ്ടുവോളം ലഭിച്ചിട്ടുണ്ട്. ഇവിടെ നിന്നും വിദ്യാഭ്യാസം ലഭിച്ചിട്ടുള്ള വിദ്യാർത്ഥികൾ സമൂഹത്തിന്റെ വിവിധ മേഖലകളിൽ ഡോക്ടറായും, എഞ്ചിനീയറായും, സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരായും വ്യവസായ പ്രമുഖരായും ഉയർച്ച നേടിയിട്ടുണ്ട്.

പ്രഗൽഭരായ അധ്യാപകരും ഹെഡ്മിസ്ട്രസ്സും ഈ സ്കൂളിന്റെ ചിട്ടയായ പ്രവർത്തനത്തിന് മേൽനോട്ടം വഹിക്കുന്നു. ഈ സ്കൂളിന്റെ തെക്ക് - വടക്കായി കെട്ടിടങ്ങളാണ് ഉള്ളത്. ചെറിയ കമ്പ്യൂട്ടർ ലാബ്, സയൻസ് ലാബ്, ലൈബ്രറി എന്നിവയും ഉണ്ട്.

അറബ്, ഹിന്ദി, സംസ്കൃതം തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടെ 9 അധ്യാപകരും ഒരു അധ്യാപകേതര ജീവനക്കാരനുമാണ് ഉള്ളത്. ഉച്ചഭക്ഷണം പാചകം ചെയ്ത് കൊടുക്കുന്നുണ്ട്. V-45, VI-28, VII-47, Total = 120 കുട്ടികളാണ് ഉള്ളത്.

നമ്മുടെ സ്കൂളിന്റെ ശതകാല പ്രതാപം വീണ്ടെടുക്കുന്നതിനും ആധുനികമായ വെല്ലുവിളികൾ നേരിടുന്നതിനും നാം ഓരോരുത്തരും ഇതിൽ കൈകോർക്കേണ്ടതുണ്ട് വരും തലമുറയ്ക്ക് നാം നൽകുന്ന ഏറ്റവും വലിയ സംഭാവനയായി ഈ പ്രവർത്തനങ്ങൾ മാറേണ്ടതുണ്ട്.

വിദ്യാലയത്തിന്റെ, വിദ്യാർത്ഥിയുടെ സമസ്ത മേഖലയെയും സ്പർശിച്ചുകൊണ്ടുള്ള സംരക്ഷണയജ്ഞമാണ് ലക്ഷ്യമിടുന്നത്. വിഷയാടിസ്ഥാനത്തിലുള്ള മികവ്, മാനവികത, അവസര തുല്യത, പങ്കാളിത്തം എന്നിവയെല്ലാം ഉറപ്പു വരുത്തി എല്ലാ വിഭാഗം ജനവിഭാഗങ്ങളിലേയും വിദ്യാർത്ഥികളെയും ശാരീരിക മാനസിക വെല്ലു വിളികൾ നേരിടുന്ന കുട്ടികളെയും പരിഗണിച്ച് വിദ്യാലത്തെ മികവിന്റെ കേന്ദ്രമാക്കിമാറ്റുന്നതിന് നമുക്ക് കഴിയേണ്ടതുണ്ട്.

കേരളം മറ്റു പല രംഗങ്ങളിലുമെന്ന പോലെ വിദ്യാഭ്യാസ രംഗത്തും ഏറെ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. വിവിധ സർക്കാരുകളുടെ വികസനാത്മകമായ ഇടപെടലുകളും പ്രബുദ്ധരായ സമൂഹത്തിന്റെ സഹകരണവും സഹായങ്ങളും വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വ പരമായ പങ്കും ഇവിടെ നടപ്പാക്കിയ വിവിധ പ്രോജക്ടുകളും ഈ പുരോഗതിയ്ക്ക് കാരണമായിട്ടുണ്ട്. അതിലെല്ലാം മറ്റുപരി അധ്യാപക സമൂഹത്തിന്റെ അക്ഷീണ പ്രയത്നം ഇതിന് ഉത്തേജകമായിട്ടുണ്ട്.

സംരക്ഷണയജ്ഞ
സംസ്ഥാനത്ത് നടപ്പിലാക്കിയ പൊതു വിദ്യാഭ്യാസ
വിദ്യാഭ്യാസ രംഗത്ത് അഭൂത പൂർവമായ ഉണർവ് സൃഷ്ടിച്ചു. ഇതിന്റെ ഭാഗമായി
വിദ്യാലയങ്ങൾ ഭൗതിക രംഗത്തും അക്കാദമിക രംഗത്തും ഏറെ നേട്ടങ്ങൾ കൈവരി
ച്ചു. വിദ്യാലയത്തിലേക്ക് മുൻ കാലങ്ങളിലില്ലാത്ത വിധം കുട്ടികൾ പുതിയതായി വന്നു
ചേർന്നു. സമൂഹത്തിന് പൊതു വിദ്യാലയങ്ങളിലുള്ള വിശ്വാസം വർധിച്ചതിന്റെ
വ്യക്തമായ സൂചനയാണിത്.

പൊതു വിദ്യാഭ്യാസ സംരക്ഷണജ്ഞത്തിന്റെ ഭാഗമായി അക്കാദമിക രംഗം കൂടു
തൽ ശക്തമാക്കുന്നതിനായി അക്കാദമിക മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കി ,ഇതിലൂടെ
മികച്ച പ്രവർത്തനങ്ങൾ നടത്താൻ കഴിഞ്ഞിട്ടുണ്ട്. ദേശീയ അന്തർ ദേശീയ
തലങ്ങളിൽ നടന്ന വിവിധ പഠനങ്ങളിൽ കേരളം വിദ്യാഭ്യാസത്തിൽ ഏറെമുന്നിലാണെ
ന്ന് സൂചിപ്പിച്ചിട്ടുണ്ട്. സുസ്ഥിര വികസന സൂചികകളിൽ മേൽക്കൈ നേടുവാൻ നമ്മെ
സഹായിച്ചത് പൊതു വിദ്യാഭ്യാസ രംഗത്തെ മുന്നേറ്റം കൂടിയാണണ്.

ലോകത്തിനാകമാനം കേരളം മാതൃകയാണെന്ന് അഭിമാനം കൊള്ളുമ്പോഴും
വിദ്യാഭ്യാസ രംഗത്ത് നാം കൈവരിച്ച നേട്ടങ്ങൾ ഓരോ വിദ്യാർത്ഥിക്കും ദേശ,
ഭാഷ ,വർഗ, വർണ, ലിംഗഭേദമന്യേ ലഭ്യമാക്കുക എന്ന ലക്ഷ്യം കൈവരിക്കാൻ
കഴിഞ്ഞിട്ടുണ്ടോ എന്ന് ചിന്തിക്കേണ്ടതുണ്ട്. വിദ്യാഭ്യാസ അവകാശ നിയമത്തിൽ
പരാമർശിക്കുന്ന വിദ്യാർത്ഥിയുടെ അവകാശമായ ഗുണമേന്മയുള്ള വിദ്യാഭ്യാസം
എല്ലാവർക്കും എന്ന ലക്ഷ്യം ഇനിയും പ്രാപ്യമാവേണ്ടതുണ്ട്.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് നമ്മുടെ വിദ്യാലങ്ങളെ സമൂലമായി
മാറ്റിയെടുക്കേണ്ടതുണ്ട്. അതിനായി വിദ്യാലയ സമൂഹവും അധ്യാപകരും വിദ്യാഭ്യാസ
സംവിധാനങ്ങളും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും കൂട്ടായിയത്നിക്കണം. നമ്മുടെ
വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാനുള്ള ശ്രമത്തിന്റെ ഭാഗമാണ്
അക്കാദമിക മാസ്റ്റർപ്ലാൻ. പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി
മുൻ വർഷങ്ങളിൽ വിദ്യാലങ്ങൾ തയ്യാറാക്കിയ അക്കാദമിക മാസ്റ്റർപ്ലാനുകൾ വേണ്ടത്ര
ഫലപ്രദമായി നടപ്പാക്കാൻ പ്രളയം, മഹാമാരി തുടങ്ങിയ കാരണങ്ങളാൽ നമുക്ക്
കഴിയാതെ വന്നിട്ടുണ്ട്.

അനുസ്യൂതം മാറിക്കൊണ്ടിരിക്കുന്ന ലോകക്രമത്തിൽ കാലാനുസൃതമായ മാറ്റ
ങ്ങളോടെ അക്കാദമിക മാസ്റ്റർപ്ലാൻ പുനർ നിർമിക്കേണ്ടതുണ്ട്. കോവിഡ് മഹാമാരി
വിദ്യാഭ്യാസരംഗത്ത് സൃഷ്ടിച്ച പ്രതിസന്ധി പരിഹരിക്കുന്നതിനും പുതിയ പദ്ധതിയിൽ
പ്രവർത്തനങ്ങൾ ഉണ്ടായിരിക്കും. 2022-ൽ ആരംഭിക്കുന്ന 14-ാം പഞ്ചാവത്സര പദ്ധതി
കാലത്ത് നമ്മുടെ വിദ്യാലയങ്ങൾ ഏത് തരത്തിൽ ആയിത്തീരണം എന്നു വിഭാവനം
ചെയ്യണം. അത്തരത്തിലാകുന്നതിന് തടസ്സം നിൽക്കുന്ന പ്രശ്നങ്ങളെ ചർച്ച ചെയ്തു
കണ്ടെത്തുകയും ചെയ്യുന്നു. ഈ പ്രശ്നങ്ങളുടെ പരിഹാരത്തിനായുള്ള പ്രവർത്ത
നങ്ങൾ കൂട്ടായി കണ്ടെത്തുകയും അവയ്ക്ക് മുൻഗണന നിശ്ചയിക്കുകയും വേണം.
അവയിൽ ഓരോ വർഷവും നടപ്പാക്കേണ്ട പ്രവർത്തനങ്ങൾ കണ്ടെത്തി അവയെ
സമയബന്ധിതമായി നടപ്പാക്കാൻ കലണ്ടറും തയ്യാറാക്കണം.

പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ ലോകത്താകമാനം വന്നമാറ്റങ്ങൾ, സുസ്ഥിരവികസന സൂചികകൾ, സർക്കാർ നടപ്പാക്കുന്ന വിദ്യാകിരണം പദ്ധതി, കേന്ദ്ര സർക്കാരിന്റെ ദേശീയ വിദ്യാഭ്യാസനയത്തിന്റെ സാധ്യതകൾ എന്നിവയെല്ലാം പരിഗണിക്കേണ്ടതുണ്ട്. വിദ്യാഭ്യാസ വകുപ്പ്, എസ്.എസ്.കെ , എം.പി.എം.എൽ.എ, PTA, മറ്റ് സന്നദ്ധ സംഘടനകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ വിദ്യാഭ്യാസ പദ്ധതികളെ പരമാവധി പ്രയോജനപ്പെടുത്തുകയും അവയോട് ചേർന്നുള്ള പദ്ധതികൾ രൂപപ്പെടുത്തുകയും വേണം.

## ദർശനം

കേരളത്തിലെ ഓരോ വിദ്യാർത്ഥിക്കും തുല്യതയോടെ അതാത് തലങ്ങളിലുള്ള പഠന നേട്ടങ്ങൾ ആധുനിക സങ്കേതങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി, ആസ്വാദ്യകരമായി ലഭ്യമാക്കാൻ ഉതകുന്ന രീതിയിൽ ഓരോ വിദ്യാലയത്തിലും നല്ല പഠനാന്തരീക്ഷവും മികച്ച പഠന രീതികളും സംജാതമാവുന്നു.

പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിലൂടെ സാർത്ഥകമാക്കാൻ ഉദ്ദേശിക്കുന്ന പൊതുവായ കാര്യങ്ങൾ ലക്ഷ്യമാക്കിയവ

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസിൽ നേടേണ്ട പഠന ശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തും.
- കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് സംസ്ഥാന ദേശീയ അന്തർ ദേശീയ തലത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കും.
- ഉയർന്ന പഠന നിലവാരം ഉറപ്പുവരുത്തുന്നതിനാവശ്യമായ പഠനോപകരണങ്ങൾ വിദ്യാലയങ്ങളിൽ എത്തിക്കുക.
- പാഠ്യേതര മികവ് ഉയർത്തുന്നതിനാവശ്യമായ ഭൗതിക,മാനസിക, സാംസ്കാരിക സൗകര്യങ്ങൾ ഒരുക്കുക.
- കാർഷിക സാംസ്കാരം പുതിയ തലമുറയിൽ വളത്തിയെടുക്കുക. മാലിന്യ നിർമ്മാർജ്ജനം ഒരു സംസ്കാരമായി രൂപപ്പെടുത്തിയെടുക്കുക.
- സ്കൂൾ തലത്തിൽ കുട്ടികളുടെ കൊഴിഞ്ഞ്പോക്ക് ഇല്ലാത്ത അവസ്ഥ നേടുക
- പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണനകൾ നൽകി മുഖ്യധാരയിൽ എത്തിക്കുക.
- സ്കൂൾ വായനശാലകളും ലബോറട്ടറികളും ആധുനികവത്കരിക്കുക.
- സ്കൂൾ കുട്ടികൾക്ക് കൗൺസലിംഗ് സൗകര്യങ്ങൾ ഉണ്ടാക്കുക.
- സർഗ്ഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കുന്നതാകും വിദ്യാഭ്യാസം
- സ്കൂളുകളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തും ആകർഷകമാക്കും
- വായനയെ പ്രോത്സാഹിപ്പിക്കൽ
- പൊതു വിജ്ഞാനം വർദ്ധിപ്പിക്കുക.
- അമ്മ വായനയിലൂടെ കുട്ടിയുടെ അറിവ്,വായന എന്നിവ വർദ്ധിപ്പിക്കുക.
- കണ്ടും കേട്ടും അനുഭവിച്ചും പഠിക്കാൻ അവസരം.
- ദിനങ്ങളുടെ പ്രാധാന്യം മനസ്സിലാക്കൽ
- നിത്യ ജീവിതത്തെ ശാസ്ത്രീയമായി വ്യാഖ്യാനിക്കാൻ പ്രാപ്തരാക്കുക.
- കുട്ടിയ്ക്ക് നേരിടേണ്ടിവരുന്ന പ്രശ്നത്തെ/സന്ദർഭത്തെ ശരിയായി പരിഹരിക്കുക.
- ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കുകയും പ്രയോഗിക്കുകയും ചെയ്യുക.
- ആവശ്യമായ ഉപകരണങ്ങൾ രൂപകല്പന ചെയ്യാൻ കഴിവ് നൽകുക.
- ശാസ്ത്രീയ വിക്ഷണം രൂപപ്പെടുത്തുക.
- മാനവികതയിൽ ഊന്നിയുള്ള ശാസ്ത്രാവബോധം വളർത്തുക.
- ശാസ്ത്രീയ അറിവുകളെ പുതിയ സന്ദർഭത്തിൽ പ്രയോഗിക്കാൻ കഴിയുക.
- സാധ്യത പദ്ധതി പരമാവധി പ്രയോജനപ്പെടുത്തുക.
- ICT സാധ്യത പരമാവധി പ്രയോജനപ്പെടുത്തുക.
- എല്ലാ കുട്ടികളിലും ഗണിതത്തിൽ അടിസ്ഥാനശേഷി വികസിപ്പിക്കുക.
- കുട്ടികളിലൂടെ ഗണിതത്തിൽ അടിസ്ഥാന ശേഷി വികസിപ്പിക്കുക.

- ഗണിതം ആസ്വദിക്കാൻ കഴിയുന്ന തരത്തിൽ കുട്ടിയെ വളർത്തുക.
- ദൃശ്യഗണിതത്തിന്റെ സാധ്യത പ്രയോജനപ്പെടുത്തുക.
- പരിമിതികൾ തരണം ചെയ്യുന്നതിനും അനുഭവങ്ങളിൽ നിന്നും പഠിക്കുന്നതിനും പ്രാപ്തരാകുക.
- ഗണിതാശയങ്ങൾ പ്രയാസം കൂടാതെ സ്വായത്തമാക്കുക.
- ഗണിതാശയങ്ങൾ IT സപഠനത്തിലൂടെ ദൃശ്യവത്ക്കരിക്കൽ
- ഭൂപടങ്ങൾ, ചിത്രങ്ങൾ, ദേശീയ ചിഹ്നങ്ങൾ, പ്രതിമകൾ എന്നിവയെ കുറിച്ച് കൂടുതൽ അറിയൽ.
- ഇന്റർനെറ്റ് കൈകാര്യം ചെയ്യാനുള്ള കഴിവ് ബ്ലോഗുകളുടെ നിർമ്മാണം.
- ശാസ്ത്രീയ പ്രതിഭകളെ ആദരിക്കൽ.
- പ്രകൃതി സ്നേഹം വളർത്തൽ
- സാമൂഹിക നന്മ പ്രോത്സാഹനം

# വിദ്യാലയത്തിന്റെ ലഘു ചരിത്രം

## വിദ്യാലത്തിന്റെ ലഘു ചരിത്രം

കൊല്ലം ജില്ലയിലെ കൊട്ടാരക്കര താലൂക്കിൽ പുനലൂർ വിദ്യാഭ്യാസ ജില്ലയിലെ ചടയമംഗലം ഉപജില്ലയിൽ ഉൾപ്പെട്ട ചിതറ പഞ്ചായത്തിൽ 1979 ൽ സ്ഥാപിതമായ ഒരു സരസ്വതി ക്ഷേത്രമാണ് അയിരക്കുഴി UPS. ഈ സ്കൂളിന്റെ സ്ഥാപിത യജ്ഞത്തിൽ നിരവധി രാഷ്ട്രീയ സാമൂഹിക പ്രവർത്തകരുടെ സേവന മനോഭവവും ത്യാഗസന്നതയും കൈമുതലായുണ്ട്.

ചിതറയിൽ നിന്ന് പടിഞ്ഞാറു ഭാഗത്തേക്ക് പോകുമ്പോൾ കാഞ്ഞിരത്തുംമൂട് ജംഗ്ഷനിൽ നിന്നും 500 മീറ്റർ ഉള്ളിലായിട്ടാണ് ഈ സരസ്വതി ക്ഷേത്രം സ്ഥിതി ചെയ്യുന്നത്. 1979- ൽ 43 കുട്ടികളുമായി ഈ സരസ്വതി ക്ഷേത്രത്തിന് നേതൃത്വം വഹിച്ചത് ബഹുമാനപ്പെട്ട മാനേജർ ശ്രീ.പ്രയാർ ഗോപാലകൃഷ്ണനാണ്.

എയ്ഡഡ് മേഖലയിൽ പ്രവർത്തനം ആരംഭിച്ച ഈ സ്കൂൾ ഓരോ വർഷവും ഡിവിഷനുകൾ വർദ്ധിച്ച് അയിരക്കുഴിയുടേയും പരിസര പ്രദേശങ്ങളുടേയും ഒരു വിദ്യാഭ്യാസ സ്ഥാപനമായിമാറി. പല മേഖലകളിൽ നിന്നുള്ള നിരവധി കുട്ടികൾ ഇവിടെ നിന്നും വിദ്യാഭ്യാസം നേടി ഡോക്ടർ, എഞ്ചിനീയർ, അധ്യാപകർ എന്നീ മേഖലകളിൽ പ്രവർത്തിക്കുന്നുണ്ട്.

സ്ഥാപിതമായ സമയത്ത് കെട്ടിടങ്ങൾ ഡിവിഷനുകളുടെ വർദ്ധനവ് ഉണ്ടായിട്ടും ക്ലാസ് മുറികളുടെ അപര്യപ്തത ചുറ്റുമതിൽ തുടങ്ങിയ വെല്ലുവിളികൾ നേരിടുന്നുണ്ട്.

# വിദ്യാലയം മികവിന്റെ കേന്ദ്രം

## വിദ്യാലയം മികവിന്റെ കേന്ദ്രം

വിദ്യയിലൂടെ പ്രബുദ്ധരാവുക എന്ന വചനത്തെ അടിസ്ഥാനമാക്കി ഓരോ വിദ്യാല
യവും മാറ്റത്തിന്റെ ശംഖൊലി മുഴക്കി മുന്നേറുകയാണ്. അത്തരം പരിണാമത്തിന്റെ
ഗിരിശൃംഗങ്ങളിൽ എത്തിനിൽക്കുകയാണ് ഐരക്കുഴി യു.പി.എസ് വിദ്യാലയങ്ങൾ
മികവിന്റെ കേന്ദ്രങ്ങൾ ആകുമ്പോൾ ശുചിത്വപൂർണ്ണവും ശിശുസൗഹൃദ പരവും
ചലനാത്മകവുമായ പഠനാന്തരീക്ഷം ഒരുക്കുക എന്നതാണ് ഓരോ വിദ്യാലത്തിന്റെയും
ലക്ഷ്യം. ദേശീയ വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ, വിദ്യാലയ
ത്തിലെത്തുന്ന ഓരോ വിദ്യാർത്ഥിക്കും അവന് ഏറ്റവും മികച്ച, നൂതനമായ കുറ്റമറ്റ
വിദ്യാഭ്യാസം ലഭിക്കുക എന്നത് കാലഘട്ടത്തിന്റെ ആവശ്യമാണ്. നാടിന്റെ സ്പന്ദന
മായ വിദ്യാലയങ്ങളെ കുട്ടികളുടെ സർവ്വതോന്മുഖമായ വികസനത്തിന് പര്യാപ്തമായ
രീതിയിൽ വളർത്തിയെടുക്കേണ്ടത് തങ്ങളുടെ കർത്തവ്യമാണെന്ന് പൊതു പ്രവർത്ത
കരും നാട്ടുകാരും തിരിച്ചറിഞ്ഞു കഴിഞ്ഞു. മൊത്തം കൂട്ടായ്മയിലൂടെ ഐരക്കുഴി
യു.പി.എസ്സിന്റെ യശസ്സ് ഉയർത്തുക, വിദ്യാർത്ഥിക്ക് അവന്റെ സർവ്വോന്മുഖമായ
വികസനത്തിന്റെ അവസാന വാക്ക് നമ്മുടെ വിദ്യാലയം എന്ന കാഴ്ചപ്പാട് സമാഗത
മായി കഴിഞ്ഞു.

കുട്ടികളുടെ സമഗ്ര വികസനത്തിന് ഉതകുന്ന പഠനാന്തരീക്ഷം, ഭൗതിക സാഹ
ചര്യം എന്നിവ പ്രധാനം ചെയ്യുന്നതോടൊപ്പം അക്കാദമിക പ്രവർത്തനങ്ങളുടെ കൃത്യ
മായ മോണിറ്ററിംഗ്, ലൈബ്രറികൾ, ലബോറട്ടറികൾ എന്നിവയും വിദ്യാലയ മികവിന്
അത്യന്താപേക്ഷിതമാണ് സമൂഹത്തിന്റെ പിന്തുണയോടു കൂടി പരിസ്ഥിതി സൗഹാർദ
വിദ്യാലയം എന്ന കാഴ്ചപ്പാടും പാഠ്യപദ്ധതിയിലെ പുതിയ തന്ത്രങ്ങൾ, ആംഗലേയ
ഭാഷാമികവ്, സെമിനാറുകൾ വർക്ക് ഷോപ്പുകൾ, പ്രദർശനങ്ങൾ എന്നിവ ഉൾക്കൊ
ള്ളിക്കണം.

# പദ്ധതി രൂപികരണ പ്രക്രിയ :
## വിവിധ ഘട്ടങ്ങളിലൂടെ നടന്ന കാര്യങ്ങൾ

# പദ്ധതി രൂപികരണ പ്രക്രിയ :
# വിവിധ ഘട്ടങ്ങളിലൂടെ നടന്ന കാര്യങ്ങൾ

സമഗ്ര വിദ്യാഭ്യാസ വിദ്യാലയ വികസന പദ്ധതിയുടെ രണ്ടാം ഘട്ടം ആദ്യഘട്ട പ്രവർത്തനങ്ങളുടെ തുടർച്ചയായി നടന്നു വരുന്നു.

- വിദ്യാലയ വികസന പദ്ധതി രൂപികരിച്ചു പ്രവർത്തനങ്ങൾ നടക്കുന്നു.
- സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി - സ്മാർട്ട് ക്ലാസ് റൂം 50,000/- രൂപാ ചിലവാക്കി.
- ബഹു: മുല്ലക്കര രത്നാകരൻ ഫണ്ടിൽ നിന്നും കമ്പ്യൂട്ടർ ലഭ്യമാക്കി.
- സ്കൂൾ മാനേജ്മെന്റിൽ നിന്നും പെൺകുട്ടികളുടെ ടോയ്‌ലറ്റ് നവീകരണം – 50,000/-
- ബഹു: എൻ.കെ.പ്രേമചന്ദ്രൻ എം.പി.യുടെ ഫണ്ടിൽ നിന്നും കമ്പ്യൂട്ടർ ലഭ്യമാക്കി.

# നിലവിലുള്ള അവസ്ഥ വിശകലനം

## നിലവിലുള്ള അവസ്ഥ വിശകലനം

| ഇനം | നിലവിലുള്ളത് | ആവശ്യമുള്ളത് | നേടിയത് |
|---|---|---|---|
| സ്കൂൾ ലൈബ്രറി | 2 അലമാര | മികച്ച നിവാരത്തിൽ | - |
| ക്ലാസ് ലൈബ്രറി | - | 6 | - |
| പച്ചക്കറിത്തോട്ടം | - | - | - |
| പരിശീലനം | ഉണ്ട് | ആവശ്യ മുണ്ട് | - |
| പത്രം, മാസിക | പത്രം | പത്രം, മാസിക | |
| പ്രവൃത്തി പരിചയം | - | - | - |
| ക്ലാസ് | - | ശാക്തീകരണം | - |
| മൂല്യനിർണ്ണയം | - | മെച്ചപ്പെടുത്തൽ | - |
| ചുറ്റുമതിൽ ഗേറ്റ് | ഇല്ല | നിർമ്മാണം | - |
| കളി സ്ഥലം | ഉണ്ട് | മെച്ചപ്പെടുത്തൽ | - |
| ഓഫീസ് മുറി | ഉണ്ട് | നവീകരണം | - |
| ക്ലാസ് മുറി കൾ | ഉണ്ട് | നവീകരണം | - |
| അടുക്കള | ഉണ്ട് | നവീകരണം | - |
| മാലിന്യസംസ്കരണം | - | ഉണ്ട് | - |
| വിവിധ വിഷയത്തിനുള്ള സയൻസ് ലാബ് | | എല്ലാ വിഷയത്തിനും സയൻസ് ലാബ് ആവശ്യമാണ് | |
| ടോയ്‌ലറ്റ് | ഉണ്ട് | നവീകരണം | |
| ജൈവവൈവിധ്യ പാർക്ക് | ഇല്ല | ആവശ്യ മാണ് | |
| കുടി വെള്ള വിതരണം | ഉണ്ട് | മെച്ചപ്പെടണം | |
| കമ്പ്യൂട്ടർമുറി | ഇല്ല | ആവശ്യ മുണ്ട് | |

# മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

1. കുട്ടികളുടെ സമഗ്ര വികസനത്തിനുതകുന്ന പഠനാന്തരീക്ഷം, ഭൗതിക സാഹചര്യം എന്നിവ പ്രദാനം ചെയ്യുക.
2. അക്കാദമിക പ്രവർത്തനങ്ങൾ കൃത്യമായ മോണിറ്ററിംഗ്
3. സമഗ്ര ആരോഗ്യ പോഷക പരിപാടികൾ
4. ലൈബ്രറി
5. ലബോറട്ടറി
6. സാമൂഹിക പിന്തുണ
7. പരിസ്ഥിതി സൗഹാർദ്ദം
8. പാഠ്യ പദ്ധതിയിലെ പുതിയ തന്ത്രങ്ങൾ
9. സെമിനാറുകൾ, വർക്ക് ഷോപ്പുകൾ, പ്രദർശനങ്ങൾ
10. ക്ലബ്ബുകൾ
11. വിവിധ തോട്ടങ്ങൾ (ഔഷധം, പച്ചക്കറി, പൂന്തോട്ടം, തണൽ മരങ്ങൾ)
12. വിവിധ സങ്കേതിക വിദ്യയുടെ ഉപയോഗങ്ങൾ
13. കായിക വിദ്യാഭ്യാസം
14. സ്മാർട്ട് ക്ലാസ്റൂമുകൾ
15. അസംബ്ലികൾ
16. ശുദ്ധമായ കുടിവെള്ളം
17. പഠനയാത്രകൾ
18. ഉച്ചഭക്ഷണം മെച്ചപ്പെടുത്തൽ
19. വിവിധ പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ വാർത്തവിശകലനം,പത്ര ക്വിസ്സ്
20. സ്കൂൾ കലണ്ടർ, സ്കൂൾ പത്രം തയ്യാറാക്കൽ
21. ദിനാചരണങ്ങൾ
22. കൈപുസ്തകങ്ങൾ
23. പഠനോത്സവങ്ങൾ
24. നാടൻ കലകളുടെ പഠനം
25. പഠനോപകര നിർമ്മാണ കളരി
26. കുട്ടികൾക്ക് ലാപ്ടോപ്പ്
27. ലഹരി വിമുക്തമായ സ്കൂൾ അന്തരീക്ഷം.

അക്കാദമികം

- ഭാഷാശേഷി വികസനം
- ഗണിതശേഷി വികസനം
- ഇംഗ്ലീഷ്പഠന പരിപോഷണം
- ശാസ്ത്രപോഷം പരിപാടി
- വായനാ പരിപോഷണം
- ലൈബ്രറി ശാക്തികരണം
- ലബോറട്ടറി ആധുനിക വൽക്കരിക്കൽ
- ജൈവ വൈവിധ്യ പാർക്ക്
- സാഹിത്യപോഷണപരിപാടികൾ
- പഠനയാത്രകൾ സെമിനാറുകൾ
- ഐ.ടിപരിശീലനം
- ക്ലസ് PTA സജീവമാക്കൽ
- സ്കൂൾ പത്രം/മാസിക
- പ്രവൃത്തിപരിചയപഠനം
- പച്ചക്കറിത്തോട്ടം
- രചനാ ശില്പശാല
- അഭിമുഖങ്ങൾ
- പോഷകാഹാര പരിപാടികൾ
- ഗണിത ലാബ്
- ടേം മൂല്യനിർണ്ണയം,
- നിരന്തര വിലയിരുത്തൽ
- ദിനാചാരണം
- കായിക പഠനം
- ഗവേഷണാത്മകമായ പ്രവർത്തനങ്ങൾ
- കലാ – കായികമേള

ഭൗതികം

- ചുറ്റുമതിൽ,ഗേറ്റ്
- കളിസ്ഥലം
- ക്ലാസ്സ് മുറികൾ
- ഓഫീസ്മുറി
- സ്റ്റാഫ്മുറി
- കമ്പ്യൂട്ടർറും
- മൾട്ടിമീഡിയ റും
- ലൈബ്രറി
- അടുക്കള
- ഡൈനിംഗ്ഹാൾ
- അസംബ്ലിഹാൾ
- കുടിവെള്ള വിതരണം
- മാലിന്യ സംസ്കരണം
- ടോയിലറ്റ്
- ലബോറട്ടറി
- ജന്മദിനത്തിനൊരു പുസ്തകം
- ചിത്രരചന എന്റെ വീട്ടിലും ഒരു കൃഷിത്തോട്ടം
- എന്റെ ചെടി
- എനിക്കും പറയാനുണ്ട്
- ഭാഷോത്സവം
- ഗണിതോത്സവം

സാമൂഹികം

- ശക്തിപ്പെടുത്തൽ
- വിദ്യാലയ വികസനം
- സമിതി
- പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം
- ഗ്രന്ഥ ശാലകൾ
- ക്ലബ്ബുകൾ,സന്നദ്ധ സംഘടനകൾ
- പൂർവ്വാധ്യപകർ, സഹകരണ സ്ഥാപനങ്ങൾ
- വ്യവസായ ഗ്രൂപ്പുകൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ
- ക്ലാസ് PTA മാതൃകാ പരമാക്കുന്നതിനുള്ള നടപടികൾ
- പൊതുസമൂഹത്തിന് അവധി ദിവസങ്ങളിൽ കമ്പ്യൂട്ടർ പരിശീലനം

# പദ്ധതി വിശദാംശങ്ങൾ

## 8. പദ്ധതി വിശദാംശങ്ങൾ

### ഉപമേഖല- ഗണിതം

### പ്രവർത്തനം

1. ഗണിതം മനോഹരം

### ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികളിലും ഗണിതത്തിൽ അടിസ്ഥാനശേഷി വികസിപ്പിക്കുക.
- കളികളിലൂടെയും പരിസരബന്ധിതമായ പ്രവർത്തനങ്ങളിലൂടെയും കുട്ടികളിൽ ഗണിതത്തിൽ താൽപ്പര്യം വർദ്ധിപ്പിക്കുക.
- ദൈനം ദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗണിതത്തെ ഉപയോഗപ്പെടുത്തുക.
- വസ്തുതകളെ ഗണിതാശയങ്ങൾ ഉൾപ്പെടുത്തി അപഗ്രഥിക്കാനും വ്യാഖ്യാനിക്കാനും കഴിവുണ്ടാകുന്നു.
- ഗണിതം ആസ്വദിക്കാൻ കഴിയുന്ന തരത്തിൽ കുട്ടിയെ വളർത്തുക.
- സർഗ്ഗാത്മക ചിന്ത വളർത്താൻ സഹായിക്കുക.

### പ്രവർത്തനങ്ങൾ

- പഠന നില കണ്ടെത്തൽ
- പട്ടികപ്പെടുത്തൽ
- സാമഗ്രി സമാഹരണം
- പഠനോപകരണങ്ങളുടെ നിർമ്മാണം
- ഗണിത കാർഡ് നിർമ്മാണം
- വർക്ക് ഷീറ്റ്
- ഗണിത പസിലുകൾ
- ഗണിത ക്വിസ്
- ഗണിത പതിപ്പ്
- ഗണിത പാറ്റേൺ
- ഗണിത കളികൾ

## 2. ഗണിത ശില്പശാല

### ലക്ഷ്യങ്ങൾ

- പരിമിതികൾ തരണം ചെയ്യുന്നതിന്
- അനുഭവങ്ങളിൽ നിന്ന് പഠിക്കുക
- ഗണിതാശയങ്ങൾ പ്രയാസം കൂടാതെ സ്വായത്തമാക്കുക
- നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നത്.

### പ്രവർത്തനങ്ങൾ

- ഓരോ ക്ലാസിനും ആവശ്യമായ പഠനോപകരണങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുന്നു.
- വിദഗ്ദരെ കണ്ടെത്തുന്നു
- ആവശ്യമായ സാമഗ്രികളുടെ ശേഖരണം
- കുട്ടികൾ, അധ്യാപകർ, രക്ഷിതാക്കൾ, വിദഗ്ദ്ധാധ്യാപകർ എന്നിവർ ചേർന്ന് സമൂഹ പങ്കാളിത്തത്തോടെ പഠനോപകരണം നിർമ്മിക്കുന്നു.
- ക്ലാസ് മുറികളിൽ സൂക്ഷിക്കൽ

## മേഖല-ഗണിതം

### ഉപമേഖല-അടിസ്ഥാന ഗണിതം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലഘട്ടം | ചുമതല |
|---|---|---|---|
| . ഗണിതത്തെ കൂടുതൽ ആസ്വാദ്യകരമായ വിഷയമാക്കിത്തീർക്കാനും പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനുമായിട്ടുളള ഗണിത വിജയം നടപ്പാക്കുക.<br><br>. ICTസാധ്യതകൾ പരമാവധി ഉപയോഗിച്ച് ഗണിത പഠനം ലളിതമാണെന്ന് കുട്ടിയെ ബോധ്യപ്പെടുത്തുന്നു.<br><br>. രക്ഷിതാക്കളുടെ പിന്തുണ ഗണിത പഠനത്തിൽ ഉറപ്പ് വരുത്തുന്നു.<br>. ജ്യാമീതിയ രൂപങ്ങൾ തിരിച്ചറിയുന്നു.<br>.സംഖ്യ പാറ്റേണുകൾ എളുപ്പത്തിൽ ചെയ്യുന്നു.<br><br>ഗുണനപ്പട്ടിക ഉപയോഗം തിരിച്ചറിയുന്നു.<br>ചതുഷ്ക്രിയകൾ ഉറപ്പിക്കു.<br>പ്രശ്നപരിഹാരത്തിന് മുൻഗണന ദൈനംദിനജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സങ്കലനം, വ്യാവകലനം, ഗുണനം, ഹരണം എന്നിവ സഹായകമാകുന്നുമെന്ന്കുട്ടികൾ തിരിച്ചറിയുന്നു. വസ്തുക്കളെ ഗണിതാശയങ്ങൾ ഉൾപ്പെടുത്തി അപഗ്രഥിക്കാനും വ്യാഖ്യാനിക്കാനുമുളള കഴിവ് കുട്ടികളിൽ വളത്തുന്നു.<br>കൃത്യതയോടും സൂക്ഷ്ണതയോടും കൂടി കാര്യങ്ങൾ ചെയ്യുന്നതിനും അതിന്റെ പ്രധാന്യം മനസ്സിലാക്കുന്നതിനും പര്യപ്തമാകുന്നു ജ്യാമിതിയിൽനിന്നും സഖ്യകളിൽ നിന്നും പാറ്റേൺ നിർമിക്കുന്നു.<br>കുട്ടികൾ സ്വന്തമായി Work sheet കൾ | • ഗണിതത്തോട് ഇഴുകിച്ചേരാൻ മുത്തുകൾ,സ്മൈലി ബോളുകൾ, ബഹുവർണ ടോക്കണുകൾ, ചിത്രകാർഡുകൾ, സങ്കലന വ്യാഖ്യാന കാർഡുകൾ, ഗെയിംബേർഡുകൾ, ഡൈസുകൾ തുടങ്ങിയവ ഉപയോഗിച്ചുളള പ്രവർത്തനങ്ങൾ.<br>• സ്ഥാനവില പോക്കറ്റ് നിർമാണം, ജ്യാമിതീയരൂപങ്ങൾ പട്ടികപ്പെടുത്തൽ.(നിത്യോപയോഗ സാധനങ്ങൾ) വർക്ക് ഷീറ്റുകൾ നിർമ്മാണം,സങ്കലന പട്ടിക പ്രദർശനം, വിലവിവരപ്പട്ടിക പ്രദർശനം.<br>കേക്ക്, പപ്പടം,ലഡു ect നൽകി തുല്യമായി പങ്കുവെക്കൽ<br>• സംഖ്യാകർഡുകൾ, ആവർത്തനവായന എഴുത്ത്.അബാക്കസ് ചിത്ര സഹായത്തോടെയുളള പഠനം പേപ്പർ കട്ടിംഗ്സ്, സംഖ്യാ കാർഡുകൾ തമ്മിൽകൂട്ടി സങ്കലനം, പത്തിന്റെ കൂട്ടങ്ങളാക്കൽ കല്ല്, ഇർക്കിൽ,- വളപ്പൊട്ട് മഞ്ചാടി ഗ്രൂപ്പുകൾ കൂട്ടിചേർന്ന് സങ്കലനം, കുസൃതികണക്കുകൾ സങ്കലനം, വ്യവകലനം, ഗുണനം, ഹരണം പേപ്പർകട്ടിംഗ്,സംഖ്യാകാർഡുകൾ തമ്മിൽ കൂട്ടി സങ്കലനം, പത്തിന്റെ കൂട്ടങ്ങളാക്കൽ കല്ല്,etc..ഈർക്കിൽ,വളപ്പൊട്ട് മഞ്ചാ ഗ്രൂപ്പുകൾകൂടിചേർന്ന് സങ്കലനം, കുസൃതി കണക്കുകൾ സങ്കലനം, വ്യവകലനം, ഗുണനം, ഹരണം.<br>മട്ടകോണിന്റെയും മട്ടങ്ങളുടെയും ഉപയോഗം മനസിലാക്കാൻ കമ്പ്യൂട്ടർ ഉപയോഗിച്ച്ക്കാൻ കമ്പ്യൂട്ടർ ഉപയോഗിച്ച് ഗണിത രൂപങ്ങൾ | Daily<br><br>ജൂൺ-ജൂലൈ | <br><br>ഗണിത അധ്യാപിക കുട്ടികൾ |

| | | | |
|---|---|---|---|
| നിർമ്മിക്കുകയും ക്ലാസിൽ അവ തരിപ്പിക്കുകയും ചെയ്യുന്നു<br>ഗണിത ആശയങ്ങൾ കുട്ടികളിലേക്ക് എളുപ്പം കടന്നു ചെല്ലാൻ പഠനോപകരണങ്ങൾക്ക് ഏറെ സാധ്യതയുളളതിനാൽ<br>രക്ഷിതാക്കൾ കൂട്ടകൾ, BRC etc തുടങ്ങിയവരുടെ സഹകരണത്തോടെ ഗണിതലാബ് ഒരുക്കി ഗണിത പഠനം എളുപ്പമാക്കുന്നു.<br>സംഖ്യാബോധം, സംഖ്യാവ്യാഖ്യാനം, സങ്കലനം, വ്യാവകലനം ,ഗുണനം,ഹരണം, പ്രായോഗിക പ്രശ്ന പരിഹരണം എന്നിങ്ങനെയുളള പഠനനേട്ടങ്ങൾ ലക്ഷ്യമിട്ടുളള പ്രവർത്തനത്തിന് മുൻതൂക്കം നൽകുന്നു | പരിചയപ്പെടുത്തൽ സംഖ്യ പാർട്ടുകൾ, ഡൈസ്, സംഖ്യാസ്ലിപ്പുകൾ, സംഖ്യകേളി, സംഖ്യാ മാല പദസൂര്യൻ ഇവയുടെനിർമ്മാണം.<br>Puzzle നിർമാണം, ഗണിത കേളി, കടയിൽ നിന്ന് സാധനങ്ങൾ വാങ്ങി കൂട്ടാനും കുറയ്ക്കാനുമുളള പരിശീലനം വർക്ക് ഷീറ്റ് നിർമ്മിച്ച് പതിപ്പ് തയ്യാറാക്കുന്നു.<br>ഗണിതകേളികൾ ക്ലാസ്തലത്തിൽ, ശില്പശാല, ഗണിത ഗാനം, കുട്ടിക്കവിതകൾ ശേഖരണം, കണക്കിലെ കളികൾ ശേഖരണം, ജ്യാമിതീയ രൂപങ്ങൾ നിർമ്മാണം, ചതുരം, സമചതുരം, വൃത്തം, ത്രികോണം,ഗണിതശാസ്ത്രജ്ഞന്മാർ അവരുടെ സംഭാവനകൾ, സെമിനാർ, ഉപന്യാസരചന, ക്വിസ്സ്,ഗണിതോത്സവം എന്നിവ സംഘടിപ്പിക്കുന്നു.<br>ഗണിത ലാബ്. | | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതം മനോഹരം | • പഠന നിലകണ്ടെത്തൽ<br>• പട്ടികപ്പെടുത്തൽ<br>• സാമഗ്രി സമാഹരണം<br>• പഠനോപകരണങ്ങളുടെ നിർമ്മാണം<br>• വർക്ക് ഷീറ്റ്<br>• ഗണിത പസ്സിലുകൾ<br>• ഗണിത ക്വിസ്<br>• ഗണിത അസംബ്ലി<br>• ഗണിത പതിപ്പ്<br>• ഗണിത പാറ്റേൺ<br>• ഗണിത കളികൾ | ജൂൺ ആദ്യ<br>ഓരം | HM<br>PTA<br>SRG | 10000/- |
| ഗണിത ശില്പശാല | • ഓരോ ക്ലാസിനും ആവശ്യമായ പഠനോപകരണങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുന്നു.<br>• ആവശ്യമായ സാമഗ്രികളുടെ ശേഖരണം<br>• കുട്ടികൾ, അധ്യാപകർ, രക്ഷിതാക്കൾ എന്നിവർ ചേർന്ന് സമൂഹ പങ്കാളിത്തത്തോടെ പഠനോപകരണം നിർമ്മാണം | നവംബർ – ഡിസംബർ | HM<br>SRG<br>ഗണിത അധ്യാപകൻ | |

# ഹിന്ദി

| മേഖല | പ്രവർത്തനം | ലക്ഷ്യം | സമയം/കാലം | ഭൗതികം | സാമ്പത്തികം |
|---|---|---|---|---|---|
| ഭാഷ പരമായ ശേഷികളുടെ വികസനം | ലിസണിംഗ് | ഹിന്ദി ഭാഷയിൽ ആശയങ്ങൾ കേൾക്കുന്നതിനുള്ള സൗകര്യം ഒരുക്കുന്നതിലൂടെ ഭാഷ മനസിലാക്കാനുള്ളശേഷി നേടുന്നു. | ജൂൺ മുതൽ മാർച്ച് വരെ (ആഴ്ചയിൽ ഒരു ദിവസം) | ലാപ് ടോപ്പ് സി.ഡി മൊബൈൽ | 10,000/- |
| | സ്പീക്കിംഗ് | ഒഴുക്കോടെയും, തെറ്റില്ലാതെയും ഹിന്ദിയിൽ ആശയവിനിമയം നടത്തുവാനുള്ളശേഷി നേടുന്നു. | ആഗസ്റ്റ് മുതൽ മാർച്ച് വരെ (ആഴ്ചയിൽ രണ്ട് ദിവസം) | റിക്കോഡിംഗ് സിസ്റ്റം ലാപ് ടോപ്പ് മൊബൈൽ | 8000/- |
| | റീഡിംഗ് | ഹിന്ദി ഭാഷയിലുള്ള പുസ്തകങ്ങൾ, മാസികൾ, റീഡിംഗ് മെറ്റീരിയസ് എന്നിവ തെറ്റി ല്ലാതെ വായിക്കുന്നതി നുള്ള ശേഷി നേടുന്നു. | സെപ്റ്റംബർ മുതൽ ഫെബ്രുവരി വരെ ആഴ്ചയിൽ രണ്ട് ദിവസം | റീഡിംഗ് മെറ്റീരിയൽസ് മാസികകൾ ലൈബ്രറി പുസ്തകങ്ങൾ | 7000/- |
| | റൈറ്റിങ്ങ് | വ്യാകരണ പിശകില്ലാതെ ഹിന്ദി ഭാഷയിൽ ആശയങ്ങൾ എഴുതി അവതരിപ്പിക്കാനുള്ള ശേഷിനേടുന്നു. | ആഗസ്റ്റ് മുതൽ മാർ ച്ച് വരെ (ആഴ്ചയിൽ 2 ദിവസം) | ചാർട്ട് പേപ്പർ പേന | 5000/- |

| മേഖല | പ്രവർത്തനം | ലക്ഷ്യം | സമയം/കാലം | ഭൗതികം | സാമ്പത്തികം |
|---|---|---|---|---|---|
| സർഗ്ഗ പരമായശേഷി | ആസ്വാദനം | വ്യത്യസ്ത സാഹിത്യ രൂപങ്ങൾ വായിച്ച് ആസ്വദിക്കുന്നു. | ആഗസ്റ്റ് മുതൽ മാർച്ച് വരെ (ആഴ്ചയിൽ രണ്ട് ദിവസം) | ലൈബ്രറി പുസ്തകങ്ങൾ | 10000/- |
| | സർഗ്ഗ സൃഷ്ടി | ഹിന്ദി ഭാഷയിൽ വിവിധ വ്യവഹാര രൂപങ്ങളിൽ സാഹിത്യ സൃഷ്ടി നടത്തുന്നു. | നവംബർ മുതൽ മാർച്ച് വരെ (ആഴ്ചയില ഒരു ദിവസം) | മാർക്കർ പേപ്പർ ക്രയോൺ പേന | 8000/- |
| | ചിത്ര പുസ്തകം തയ്യാറാക്കൽ | ചിത്രങ്ങളിലൂടെ ഹിന്ദി ഭാഷയിലെ പുതിയ പുതിയ വാക്കുകൾ പഠിക്കുന്നതിനുള്ള ശേഷി നേടുന്നു. | ജൂലൈ മുതൽ മാർച്ച് വരെ | നോട്ട് ബുക്ക് പേപ്പർ ക്രയോൺ പേന മാർക്കർ | 5000/- |
| | നിഘണ്ടു നിർമ്മാണം | ഹിന്ദി ഭാഷയിലുള്ള പുതിയ വാക്കുകൾ പരിചയപ്പെടാനുള്ള അവസരം ലഭിക്കുന്നു. | ആഗസ്റ്റ് മുതൽ മാർച്ച് വരെ | പേപ്പർ പേന പെൻസിൽ ക്രയോൺ | 5000/- |

## ഉപമേഖല : ഹിന്ദി ഭാഷ

### ലക്ഷ്യം

എല്ലാ കുട്ടികൾക്കും രാഷ്ട്ര ഭാഷ അനായാസമായി വായിക്കുവാനും, എഴുതുവാനും, സംസാരിക്കുവാനുമുള്ള ശേഷി വർദ്ധിപ്പിക്കുക.

1. പ്രവർത്തനങ്ങൾ

1. പാഠഭാഗത്തെ ലഘു പ്രവർത്തനങ്ങൾ നൽകി കുട്ടികളുടെ പഠനനിലവാര പുരോഗതിയും പരിമിതിയും കണ്ടെത്തുന്നു.
   കാലം : ഒക്ടോബർ ആദ്യവാരം, ചുമതല : ഹിന്ദി ടീച്ചർ
2. പരിമിതികൾ പരിഹരിക്കുന്നതിനു ആവശ്യമായ പ്രവർത്തന പാക്കേജ് തയ്യാറാക്കൽ.

   കാലം : ഒക്ടോബർ 10 നു മുൻപ്. ചുമതല : പ്രഥമാധ്യാപിക, ഹിന്ദി ടീച്ചർ
   സാമ്പത്തിക വിശകലനം : ഒരു കുട്ടിക്ക്

2. ഹിന്ദിയിലുള്ള അസംബ്ലി

ആഴ്ചയിൽ ഒരു ദിവസം ഹിന്ദിയിൽ അസംബ്ലി നടത്തുന്നു. ഹിന്ദിയിൽ പ്രതിജ്ഞ, പത്രവാർത്തകൾ, പത്ര ക്വിസ് എന്നിവ കേൾപ്പിക്കുന്നു. ഇതിലൂടെ കൂടുതൽ കേൾക്കുവാനും, ഭാഷയോട് കൂടുതൽ താൽപര്യം കൂട്ടുവാനും കഴിയുന്നു.

കാലം : ആഴ്ചയിൽ 1 ദിവസം
ചുമതല : ക്ലാസ് ടീച്ചർ
സാമ്പത്തിക വിശകലനം

3. ഹിന്ദി യിലുള്ള ചിത്രവായന

പത്രങ്ങൾ ബാലമാസികകൾ എന്നിവയിലുള്ള ചിത്രങ്ങൾ കുട്ടികൾക്ക് നൽകി ചിത്രവായന നടത്തുവാനുള്ള അവസരം നൽകുന്നു. ചിത്രത്തിൽ എന്തെല്ലാം കാണുന്നു എന്ന് കണ്ടെത്തുകയും ചെയ്യുന്നു. കണ്ടെത്തിയ വാക്കു കൾ ഉപയോഗിച്ച് ചെറിയ ചെറിയ വാചകങ്ങൾ എഴുതുവാൻ നിർദ്ദേശിക്കുന്നു. അവ തെറ്റുകൂടാതെ വായിക്കുവാനുള്ള അവസരം നൽകുന്നു. പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി നൽകുന്നചിത്രത്തിൽ കാണുന്ന വസ്ക്കളുടെ പടങ്ങൾ വരയ്ക്കുവാൻ ആവശ്യപ്പെടുന്നു. അധ്യാപകന്റെ സഹായത്തോടെ അവ പൂർത്തികരീക്കുകയും ചെയ്യുന്നു. ഈ പ്രവർത്തിലൂടെ സരളമായ രീതി യിൽ ഭാഷ എഴുതുവാനും വായിക്കുവാനും സംസാരിക്കുവാനുമുള്ള അവസരം ലഭിക്കുന്നു.

കാലം : ആഴ്ച 1 ദിവസം
ചുമതല : ഹിന്ദി ടീച്ചർ
സാമ്പത്തിക വിശകലനം

4. ഒരു ദിവസം ഒരു ഭാഷ പരിപാടി

ഹിന്ദിഭാഷ കൂടുതൽ കേൾക്കുവാനും മനസ്സിലാക്കുവാനുമുള്ള അവസരം
നൽകികൊണ്ട് മാസത്തിൽ ഒരു ദിവസം ഹിന്ദിയിലുള്ള അഭിമുഖ ങ്ങൾ,റോഡി
യോ പരിപാടികൾ, ചർച്ചകൾ മുതലായവ കേൾക്കുവാനുള്ള അവസരം നൽ
കുന്നു. ഈ പ്രവർത്തനത്തിലൂടെ ഭാഷാ പ്രയോഗങ്ങൾ കൂടുതൽ മനസിലാക്കു
വാൻ സാധിക്കുന്നു.

കാലം : മാസത്തിൽ 1 തവണ

ചുമതല : ഹിന്ദി അധ്യാപകൻ

സാമ്പത്തികം : വിശകലനം

5. പതിപ്പുകൾ, മാസികകൾ

കുട്ടികളുടെ ഹിന്ദിയിലുള്ള കവിതകൾ, കഥകൾ, കാർട്ടൂണുകൾ, ചിത്രങ്ങൾ എന്നിവ പ്രസിദ്ധീകരിക്കുവാൻ പതിപ്പുകൾ, മാസികൾ എന്നിവ തയ്യാറാക്കുന്നു. പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നു.

കാലം : ഒക്ടോബർ

ചുമതല : ഹിന്ദി അധ്യാപകൻ

സാമ്പത്തിക വിശകലനം : പി.ടി.എ

6. ദിനാചരണങ്ങൾ ഹിന്ദി ഭാഷയിൽ

വായനാദിനം, ശിശുദിനം, പരിസ്ഥിതിദിനം, തുടങ്ങിയ ദിനാചരണങ്ങൾ ഹിന്ദി ഭാഷന്തരീക്ഷം സൃഷ്ടിക്കുക എന്നതാണ് ഈ പ്രവർത്തനത്തിന്റെ പ്രധാന ലക്ഷ്യം.

കാലം : ഒക്ടോബർ -മാർച്ച്

ചുമതല : ഹിന്ദി അധ്യാപകൻ

സാമ്പത്തിക വിശകലനം : പി.ടി.എ

# ACADEMIC MASTER PLAN

# SANSKTRIT UPS YIRAKUZHY

മേഖല : അക്കാദമികം

ഉപമേഖല : സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ക്ലാസ്സ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| സരളസംസ്കൃതം<br>സംസ്കൃത ഭാഷയിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ പരിപോഷിപ്പിക്കുവാനുള്ള പരിപാടി | എഴുത്ത്,വായന,ഓഡിയോ വിഡിയോ കേൾക്കുവാനും കാണുവാനുമുള്ള അവസരം.<br>•പരീക്ഷ നടത്തി പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തൽ.<br>• അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസമുള്ള കുട്ടികൾക്ക് കമ്പ്യൂട്ടറിലൂടെ അക്ഷരങ്ങൾ നൽകി നിറം കൊടുക്കൽ.<br>• പ്രത്യേകം തയ്യാറാക്കിയ മൊഡ്യൂളിന്റെ അടിസ്ഥാനത്തിൽ നിശ്ചിത സമയത്ത് സരള സംസ്കൃതം ക്ലാസ്സ് നൽകുക.<br>•IT മേഖലയിലൂടെ ധാരാളം സംഭാഷണങ്ങൾ, കവിതകൾ, കഥകൾ ബാലഗീതങ്ങൾ കാണാനുള്ള അവസരങ്ങൾ ഒരുക്കുക. | 2 ½ മാസം | 5,6,7 | പുസ്തകം,<br>കമ്പ്യൂട്ടർ,<br>ചാർട്ട്,<br>നിറങ്ങൾ | അധ്യാപകൻ PTA |
| വായനാ ലോകം<br>കുട്ടിയെ വായന ലോകത്തേക്ക് കൊണ്ടുവരൽ | തിരഞ്ഞെടുത്ത ലളിതമായ സംസ്കൃത പുസ്തക ശേഖരണത്തിലൂടെ സംസ്കൃത ലൈബ്രറി | 6 മാസം | 5,6,7 | | |
| നല്ല വായനക്കാരാക്കൽ | പുസ്തകങ്ങൾ<br>ചിത്രങ്ങൾ<br>കഥാ പുസ്തകം<br>(പഞ്ചതന്ത്രം കഥകൾ)<br>ബാലഗീതങ്ങൾ<br>സംസ്കൃതം പ്രശ്നോത്തരികൾ<br>രചനാ മാസികകൾ<br>ചെറിയവിവരണ പുസ്തകങ്ങൾ<br>ക്ലാസ് വായന | 6 മാസം | | സ്കൂൾ ലൈബ്രറി<br>ക്ലാസ് ലൈബ്രറി | സംസ്കൃ<br>തം<br>അദ്ധ്യാപ<br>കൻ PT<br>ഹെഡ്<br>മിസ്<br>ട്രസ്<br>ഓരോ<br>കുട്ടിയു<br>ഓരോ<br>പുസ്ത<br>ം സം<br>വന<br>ചെയ്യൽ |
| | •ഓരോ സംസ്കൃതം പിരീഡിലും ആദ്യ 5 മിനിട്ടിൽ | | | | |

| | | | | | | |
|---|---|---|---|---|---|---|
| | | ഒരാൾ ഒരു പുസ്തകത്തിന്റെ പേജ് ഉറക്കെ വായിക്കുക.<br>•വായിച്ച പുസ്തകങ്ങൾ രേഖപ്പെടുത്തുക. കൂടുതൽ പുസ്തകങ്ങൾ വായിച്ച കുട്ടിയെ സ്കൂൾ അസംബ്ലിയിൽ അനുമോദിക്കുക. | | | പുസ്തകങ്ങൾ<br>അസംബ്ലി | |
| | ആസ്വാദന ലോകം<br>ഓരോ കുട്ടിയുടേയും ആസ്വാദനശേഷി വർദ്ധിപ്പിക്കാനും സഭാകമ്പം നിവാരണം ചെയ്യാനും വേണ്ടി | ആസ്വാദന സഭ<br>• പാടാനും, പറയാനും കഴിവുള്ള കുട്ടികളെ കണ്ടെത്തി മറ്റു കുട്ടികളെ ആസ്വദിപ്പിക്കുവാനും അത് കേൾക്കുവാനുമുള്ള അവസരം സൃഷ്ടിക്കൽ<br>• മാസത്തിൽ ഒരു തവണ ആസ്വാദന സഭ ചേരുക. ഒരിക്കൽ അവതരിപ്പിച്ച അടുത്ത സഭയിൽ ആസ്വാദകരാകണം<br>• കാഴ്ചയും കേൾവിയും<br>നേരത്തെ ഡൗൺ ലോഡ് ചെയ്ത മികച്ച | 6 മാസം | 5,6,7 | സ്കൂൾ ഹാൾ<br>കമ്പ്യൂട്ടർ<br>L.C.D Projector | സംസ്കൃതം അദ്ധ്യാപകൻ |

## ഉപമേഖല - സംസ്കൃതം

**ലക്ഷ്യം**

സംസ്കൃതം പഠിക്കാനാഗ്രഹിക്കുന്ന എല്ലാ കുട്ടികൾക്കും ദേവഭാഷയായ സംസ്കൃതം അനായാസം എഴുതുവാനും വായിക്കാനുമുള്ള ശേഷി വർദ്ധിപ്പിക്കൽ.

**പ്രവർത്തനം**

1. പാഠഭാഗത്തെ ലഘു പ്രവർത്തനങ്ങൾ നൽകി കുട്ടികളുടെ പഠന നിലവാരം കണ്ടെത്തുന്നു. സമയം - ഒക്ടോബർ ആദ്യ ആഴ്ച.
2. പരിമിതികൾ പരിഹരിക്കുന്നതിനു ആവശ്യമായ പ്രവർത്തനങ്ങൾ റിപ്പോർട്ട് തയ്യാറാക്കൽ
   സമയം : ഒക്ടോബർ 20 ന് മുൻപ്
   ചുമതല : സംസ്കൃത അധ്യാപകൻ
3. **സംസ്കൃതത്തിലുള്ള ചിത്രപഠനം**
   പത്രങ്ങൾ, ബാല മാസികകൾ എന്നിവ കുട്ടികൾക്ക് നൽകി ചിത്ര വായന നടത്തുവാനുള്ള അവസരം നൽകുന്നു. ചിത്രത്തിൽ എന്തെല്ലാം കാണുന്നു എന്ന് കണ്ടെത്തുകയും അവയുടെ ലിസ്റ്റ് തയ്യാറാക്കൽ ആവശ്യപ്പെടുകയും ചെയ്യുന്നു. ഈ പ്രവർത്തനത്തിലൂടെ ലളിതമായ രീതിയിൽ ഭാഷ എഴുതുവാനും വായിക്കുവാനും സഹായിക്കുന്നു.
   സമയം : ആഴ്ചയിൽ രണ്ടു ദിവസം
4. ഓരോ സംസ്കൃത പീരിയഡിലും ആദ്യ 5 മിനിട്ട് ഒരാൾക്ക് ഒരു ബുക്ക് ഒരു പേജ് വായന വായിച്ച ബുക്ക് പേരുകൾ രേഖപ്പെടുത്തി വയ്ക്കൽ Record തയ്യാറാക്കണം.
5. **നല്ലെഴുത്ത്**
   ഭിത്തി പത്ര നിർമ്മാണം (പോസ്റ്റർ)
   മാസിക നിർമ്മാണം
   സമയം : മാസത്തിൽ ഒരു ദിവസം
6. **നല്ല ദിനങ്ങൾ**
   സ്കൂൾ നടക്കുന്ന ദിനാചരണങ്ങൾ കുട്ടികൾ ചാർട്ട് പേപ്പറിൽ ചുമർ പത്രിക നിർമ്മാണം
   സമയം : മാസത്തിൽ ഒരു ദിവസം
7. **പ്രശ്നങ്ങളും പരിഹാരങ്ങളും**
   a) IT സംസ്കൃത ഭാഷാപഠനം ആസ്വാദകരമാക്കുക.
   പരിഹാരം : ഭാഷയുമായി ബന്ധപ്പെട്ട് സമഗ്രയിൽ ധാരാളം വീഡിയോകൾ ലഭ്യമാണ്. ഇവ ക്ലാസിൽ പ്രദർശിപ്പിച്ചാൽ പഠനം കൂടുതൽ ലളിതവും സുന്ദരവും ആസ്വാദകരവുമാക്കാൻ സാധിക്കും. ആയതിനാൽ സംസ്കൃത ക്ലാസിലേക്കാവശ്യമായ കമ്പ്യൂട്ടറുകൾ, സ്ക്രീനുകൾ, ശബ്ദ സംവിധാനങ്ങൾ എന്നിവ അത്യന്താപേക്ഷിതമാണ്. ആയതിനാൽ ഇവ സാധ്യമാക്കുക.
   b) സംസ്കൃതഭാഷാ പഠനത്തിന്റെ ഏറ്റവും ആദ്യ പടിയായ പദപരിചയം, അക്ഷര പരിചയം കൂടുതൽ പ്രയോജനപ്പെടുന്നില്ല.
   പരിഹാരം : സംസ്കൃത ഭാഷയ്ക്ക് കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടലായ Sanskrit.gov.in എന്ന പോർട്ടലിൽ ധാരാളം അഭ്യാസ പുസ്തകങ്ങ

ളും ചിത്രപ്രദർശനങ്ങളും സർക്കാർ ഒരുക്കിയിട്ടുണ്ട്. എന്നാൽ ഇത് ഡൗൺലോഡ് ചെയ്ത് കുട്ടികൾക്ക് കൊടുക്കുവാൻ ആവശ്യമായ സജ്ജീകരണങ്ങൾ സ്കൂളിന്റെ ഭാഗത്ത് നിന്നുണ്ടായാൽ മേൽപ്പറഞ്ഞ പ്രശ്നം പരിഹരിക്കാവുന്നതാണ്.

ഉദാ: ഇതിനാവശ്യമായ പേപ്പർ ബണ്ടിലുകൾ, കമ്പ്യൂട്ടർ കളർ പ്രിന്റുകൾ, സ്കാനറുകൾ എന്നിവലഭ്യമാക്കുക.

c) സംസ്കൃത ഉത്സവവുമായി ബന്ധപ്പെട്ട് കുട്ടികൾ കൂടുതൽ സർഗ്ഗാത്മരാവുന്നില്ല. പരിഹാരം : കുട്ടികളെ കൂടുതൽ ഭാഷയെ ആകർഷിക്കുന്നത് സംസ്കൃത ഉത്സവത്തിൽ കുട്ടികളുടെ രചനാ വൈഭവവും സർഗ്ഗാത്മക കഴിവുകളും ഉയർന്നു വരുന്നു. എന്നാൽ ഇവ കൂടുതൽ കാര്യക്ഷമമാകമെങ്കിൽ നമുക്ക് ഇതുമായി ബന്ധപ്പെട്ട് ധാരാളം ഇന്റർനെറ്റ് സോഴ്സുകൾ ഇന്റർനെറ്റിൽ ലഭ്യമാണ്. അവ കുട്ടികളെ പ്രദർശിപ്പിക്കുവാനും അവരുടെ കഥാസൃഷ്ടികൾ മൂല്യനിർണ്ണയം ചെയ്യുന്നതിനുമായി മൈക്രോഫോൺ അടക്കമുള്ള ശബ്ദ സംവിധാനങ്ങൾ സ്കൂളിൽ ഒരുക്കേണ്ടതാണ്.

# ACADEMIC MASTER PLAN
# ARABIC

മേഖല : അക്കാദമികം

വിഷയം : അറബിക്

പ്രശ്നം : സ്വാതന്ത്ര്യ വായനയ്ക്ക് പ്രയാസം നേരിടുന്നു.
ലക്ഷ്യം : എല്ലാ കുട്ടികളേയും മികച്ച വായനക്കാരാക്കുക.

| പ്രവർത്തനം | ഉപപ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വായിക്കാം വളരാം | അവസ്ഥാ പഠനം | ജൂൺ -19-25 | AT | 100 |
| | വിശകലനം | ജൂൺ -30 | AT | |
| | വായനാ സാമഗ്രികൾ ശേഖരിക്കൽ (കാർഡുകൾ/ പുസ്തകങ്ങൾ ...) | ജൂലൈ-1-15 | PTA,AC | 1000 |
| | തുടർ വായന | ജൂലൈ-15 മാർച്ച് 15 | AT | |
| | ആശയാവതരണം | Weekly | AC | |
| | വായന ഫെസ്റ്റ് | മാർച്ച് 10 | AC,AT | 1500 |

